പത്രക്കുറിപ്പ്
28-4-2018

# ‘ഹർഷം’ ഹാപ്പിനെസ് റീഡിഫൈൻഡ്: വയോജന പരിചരണ മേഖലയിലേക്ക് 1000 കുടുംബശ്രീ വനിതകൾ

തിരുവനന്തപുരം: പരിചരിക്കാൻ ആരുമില്ലാത്തവർക്ക് സാന്ത്വനം ഉറപ്പാക്കി കുടുംബശ്രീ വയോജന പരിചരണ മേഖലയിലേക്ക് കടക്കുന്നു. വയോജനങ്ങൾക്ക് അവർക്കാവശ്യമുള്ള പരിചരണം അവശ്യസമയത്ത് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ‘ഹർഷം’ ഹാപ്പിനെസ് റീഡിഫൈൻഡ് എന്ന ടാഗ് ലൈനുമായി ആവിഷ്ക്കരിക്കുന്ന പുതിയ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും തിരഞ്ഞെടുത്ത 90 പേർക്ക് ഈ മാസം 30ന് 15 ദിവസത്തെ റെസഡൻഷ്യൽ പരിശീലനം ആരംഭിക്കും. കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് പരിശീലനം.

ഈ രംഗത്തെ സേവനദാതക്കളായ ഹാപ്(ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ), ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ളാനിങ്ങ് ആൻഡ് പ്രമോഷൻ കൗൺസിൽ എന്നിവയുമായി ചേർന്നാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കേരള അക്രഡിറ്റഡ് സ്കിൽ ഏജൻസിയുടെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി പ്രവർത്തനങ്ങൾ. ഈ വർഷം ആയിരം വനിതകൾക്ക് വയോജന പരിചരണ മേഖലയിൽ പരിശീലനം നൽകി അവർക്ക് തൊഴിൽ ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീയുടെ ലക്ഷ്യം. സൂക്ഷ്മസംരംഭ മാതൃകയിലായിരിക്കും ഇവരുടെ പ്രവർത്തനം. ഇതിനായി 55 വയസിൽ താഴെ പ്രായമുള്ള മികച്ച ശാരീരിക ക്ഷമതയും സേവന തൽപരതയും തൊഴിലിനോട് ആഭിമുഖ്യവുമുള്ള പരിശീലനാർത്ഥികളെയാണ് പരിഗണിക്കുന്നത്. അതത് ജില്ലകളിലെ ജില്ലാമിഷൻ അധികൃതരുടെ നേതൃത്വത്തിലായിരിക്കും ഇവരെ തിരഞ്ഞെടുക്കുക. ആദ്യഘട്ടത്തിൽ 30 പേർ വീതമുള്ള രണ്ടു ബാച്ചുകളായിട്ടാണ് പരിശീലനം നൽകുക. പിന്നീട് മറ്റു ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

ഉപഭോക്താക്കൾക്ക് കോൾ സെന്ററുകൾ വഴിയോ 24 മണിക്കൂറും ഓൺലൈനായോ ‘ഹർഷം’ പദ്ധതിയുടെ സേവനം ഉറപ്പു വരുത്താൻ കഴിയും. സേവന കാലാവധിക്ക് ആനുപാതികമായാണ് വേതനം നിശ്ചയിക്കുക. ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സേവനദാതാക്കൾ വീട്ടിലെത്തി പരിചരണം ഉറപ്പാക്കും. ഉപഭോക്താവിനെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ശേഖരിച്ച ശേഷമായിരിക്കും കുടുംബശ്രീയുടെ സേവനം ലഭ്യമാക്കുക. ഇതിനായി അതത് സി.ഡി.എസ് -എ,ഡി.എസ് പ്രവർത്തകരുടെ സഹായവും ഉറപ്പു വരുത്തും.

കേരളത്തെ വയോജന സൗഹൃദമാക്കി മാറ്റുക എന്നതു ലക്ഷ്യമിട്ട് സർക്കാർ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ  നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിലെ മുഖ്യ വിഭാഗമായ വാർധക്യ പരിചരണത്തിലൂടെ കിടപ്പു രോഗികൾക്ക് സേവനം ലഭിക്കുന്നുണ്ട്. എന്നാൽ ഈ മേഖലയിൽ സന്നദ്ധ പ്രവർത്തകരുടെയും  ജീവനക്കാരുടെയും എണ്ണത്തിലുള്ള കുറവ് മൂലം ആവശ്യക്കാർക്ക് യഥാസമയം ആവശ്യാനുസരണമുള്ള പരിചരണം ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കുടുംബശ്രീയുടെ ഹർഷം പദ്ധതി വഴി  പരിശീലനം ലഭിച്ച കൂടുതൽ സേവനദാതാക്കൾ ഈ മേഖലയിലേക്ക് എത്തുന്നതോടെ ഇപ്രകാരം ബുദ്ധിമുട്ടനുഭവിക്കുന്ന കിടപ്പു രോഗികൾക്കും വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന വൃദ്ധർക്കും അത് ഏറെ സഹായകരമാകും. ഇതിനായി ഓരോ ജില്ലയിലും നൂറിൽ കുറയാത്ത സേവന ദാതാക്കൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം വാർധക്യ പരിചരണം ആവശ്യമായവരെ സംബന്ധിച്ച വിവരങ്ങളും കുടുംബശ്രീ ശേഖരിക്കുന്നുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ